ഉത്തരം

(എ) പ്ലാനിംഗ് കമ്മീഷൻ വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെയും പകരമുള്ള സംവിധാനത്തെപ്പറ്റി വ്യക്തമായ രൂപം ഇല്ലാതെയും പിരിച്ചുവിടാൻ തീരുമാനിച്ചത് ആസൂത്രണ സംവിധാനത്തിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പകരം നിർദ്ദേശിക്കപ്പെട്ട നീതി ആയോഗിന്റെ പ്രവർത്തനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുണ്ട്. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തത ഉണ്ടാകാത്തതും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാത്തതും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

(ബി) 2015-16 വാർഷിക പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ

52 (2685) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനേജ്മെന്റ്കോട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പക്ക് അർഹതയുണ്ടോ ; എത്ര രൂപയാണ് വായ്പ നൽകുന്നത് ;

(ബി) കുടുംബ വാർഷിക വരുമാനം എത്ര രൂപ വരെയുള്ളവർക്കാണ് വിദ്യാഭ്യാസ വായ്പയ്ക്ക് അർഹത ; വിശദാംശം നൽകുമോ ;

(സി) തിരിച്ചടവ് സംബന്ധിച്ചും പലിശ സബ്സിഡി സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ ;

(ഡി) പലിശ സബ്സിഡിക്കുള്ള അർഹത എന്താണ് ; അതിനുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അതാത് ബാങ്കുകളുടെ സ്കീം പ്രകാരം മാനേജ്മെന്റ് കോട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുണ്ട്. വായ്പാതുക അതാത് ബാങ്കിന്റെ സ്കീമും കോഴ്സിന്റെ ഫീ സ്ട്രക്ചറും പ്രകാരം വ്യത്യസ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടുംബവാർഷിക വരുമാനം വിദ്യാഭ്യാസ വായ്പ ലഭ്യമാകാനുള്ള ഒരു മാനദണ്ഡമല്ല.

(സി) കോഴ്സ് കാലാവധിക്കുശേഷം പരമാവധി ഏഴ് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണം.

കേന്ദ്ര-സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി സ്കീം പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് പലിശയിളവിന് അർഹതയില്ല.

(ഡി) കേന്ദ്ര പലിശ സബ്സിഡി സ്കീം പ്രകാരം വിദ്യാഭ്യാസ പലിശയിളവിന് അർഹർ താഴെപ്പറയുന്നവരാണ്.

1. പ്രൊഫഷണൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് അർഹതയുണ്ട്.
2. മാനേജ്മെന്റ് ക്വാട്ടവഴി അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അർഹതയില്ല.
3. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

പലിശ സബ്സിഡിക്കുള്ള അപേക്ഷ റവന്യൂ അധികാരികൾക്ക് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം വിദ്യാഭ്യാസ വായ്പയെടുത്ത ബാങ്കിൽ സമർപ്പിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി സ്കീം പ്രകാരം വിദ്യാഭ്യാസ വായ്പ പലിശയിളവിന് താഴെപ്പറയുന്നവർ അർഹരാണ്:

i. അപേക്ഷകർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപ്പ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽനിന്നുള്ള തൊഴിൽരഹിതരായ യുവജനങ്ങളായിരിക്കണം.

ii. ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളിൽനിന്നും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കാണ് പലിശയിളവിന് അർഹതയുള്ളത്.

iii. പ്രവേശന തീയതിമുതൽ കോഴ്സ് പാസ്സായശേഷം ഒരുവർഷം കഴിയുന്ന കാലയളവ് വരെയാണ് പലിശ സബ്സിഡി നൽകുന്നത്. ഇതിനുള്ള അപേക്ഷ ജില്ലാകളക്ടർമാർക്ക് നിശ്ചിത ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly